LIBRARY ARCHIVES Kerala Legislative Assembly

## കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ള അസ്ട്രോണമി ഗ്യാലറി

239 (2835) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ള ആസ്ട്രോണമി ഗ്യാലറിക്ക് വേണ്ടി എത്ര തുകയാണ് ചെലവാക്കിയതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഗ്യാലറിയിലെ ഓരോ എക്സിബിറ്റുകൾക്ക് എത്ര തുക ചെലവാക്കിയെന്നും അവ സ്ഥാപിച്ച കമ്പനിയുടെ പേര്, അഡ്രസ്സ് എന്നിവയും വ്യക്തമാക്കാമോ;

(സി) ആസ്ട്രോണമി ഗ്യാലറിയിലെ എക്സിബിറ്റുകൾക്കും അനുബന്ധ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ പേരും ക്വാട്ട് ചെയ്ത തുകയും വ്യക്തമാക്കുമോ;

(ഡി) ആസ്ട്രോണമി ഗ്യാലറിയിലെ എക്സിബിറ്റുകളുടെയും മറ്റ് അനുബന്ധ പ്രവൃത്തികളുടെയും കരാറുകാർക്ക് പി.ഡബ്ല്യൂ.ഡി. ലൈസൻസ് ഉണ്ടോ; ഇല്ലെങ്കിൽ പി.ഡബ്ല്യൂ.ഡി. ലൈസൻസ് ഇല്ലാത്തവർക്ക് കരാർ നൽകാനുണ്ടായ സാഹചര്യവും കാരണവും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ആസ്ട്രോണമി ഗ്യാലറിക്കുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ഇനം | ചെലവായ തുക (രൂപ) |
|---|---|
| (1) | (2) |
| ഇലക്ട്രിക്കൽ & ഇലക്ട്രോണിക് ഐറ്റവും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് | 3,53,855 |
| ഫാബ്രിക്കേഷൻ മെറ്റീരിയൽസ് | 4,71,057 |
| എക്സിബിറ്റ് & എക്സിബിറ്റ് കാബിൻ | 15,98,600 |
| വ്യൂ സ്പേസ് പ്രോഗ്രാം | 4,44,692 |

| (1) | (2) |
|---|---|
| ടെലിസ്കോപ്പ് & ബൈനോക്കുലർ | 8,66,329 |
| മറ്റ് അനുബന്ധ ചെലവുകൾ | 1,56,486 |
| ആകെ | 38,91,019 |

(ബി) ഗ്യാലറിയിലുള്ള ഓരോ എക്സിബിറ്റുകൾക്കും എത്രവീതം തുക ചെലവാക്കിയിട്ടുണ്ടെന്നുള്ള വിവരവും അത് സ്ഥാപിച്ച കമ്പനിയുടെ/വ്യക്തിയുടെ പേരും വിവരവും പ്രത്യേകം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ഒന്നിലധികം എക്സിബിറ്റുകൾ ഒന്നിച്ചാണ് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുന്നത്.

(സി) ആസ്ട്രോണമി ഗ്യാലറിയിലെ എക്സിബിറ്റുകൾക്കും അനുബന്ധ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ ക്വാട്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| I സപ്ലൈ ആൻഡ് സെറ്റിംഗ് അപ്പ് ഓഫ് എക്സിബിറ്റ് ക്യാബിൻ | തുക |
| ശ്രീ. അഡാരി ഷൗക്കത്തലി ഗവൺമെന്റ് കോൺട്രാക്ടർ, നിലമ്പൂർ | 8,35,500 |
| ശ്രീ. അശോക കുമാർ, ചന്ദ്രഭവൻ, കരിക്കകം, തിരുവനന്തപുരം | 8,35,500 |
| വൈഗ ഇന്റീരിയർ വി.വി.റോഡ്, പാറ്റൂർ, തിരുവനന്തപുരം | 7,56,586 |
| II സപ്ലൈ ഇൻസ്റ്റാളേഷൻ ആൻഡ് കമ്മീഷണിംഗ് എക്സിബിറ്റിംഗ് ഓഫ് റൊട്ടേഷൻ ആൻഡ് റവല്യൂഷൻ ഓഫ് എർത്ത് ആൻഡ് മൂൺ | തുക |
| 1. ശ്രീ.രാജൻ.സി, രാജൻ ഹോം മൈലക്കാട് പി.ഒ. കൊല്ലം | 1,15,000 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 2. മിത്രനികേതൻ, റൂറൽ ട്രെയിനിംഗ് സെന്റർ, മിത്രനികേതൻ, വെള്ളനാട്, തിരുവനന്തപുരം | 1,17,000 |
| 3. രതീഷ്. ആർ, കടവാകിഴലകാട്ടിൽ, അഴീക്കൽ പി.ഒ., പ്രയാർ, കൊല്ലം | 1,03,000 |
| III ടെൻഡർ ഫോർ സ്റ്റാറ്റസ് ഓഫ് ഗലീലിയോ ആൻഡ് സ്കെയിൽ ഡൗൺ മോഡൽ ഓഫ് സ്റ്റോൺ ഹെൻജ് മായൻ ടെമ്പിൾ, പിരമിഡ് ബാബിലിയോൺ ടെമ്പിൾ, ജന്തിർ മന്തിര ഇൻ ദ പ്രപ്പോസ്ഡ് അസ്ട്രോണമി ഗാലറി | തുക |
| 1. ശ്രീ. പ്രദീപ്കുമാർ, ഭാസ്കര ഭവൻ, ചിറക്കോണം, കുറ്റിച്ചൽ | 2,70,000 |
| 2. ശ്രീ. ജിതേഷ് സി.എൻ., ചരത്ത് ഹൗസ്, വെള്ളാട്, ആലക്കോട്, കണ്ണൂർ | 2,50,000 |
| 3. ശ്രീ.ഷഫീക്ക്, റാഫി മൻസിൽ, ഓടംകുഴി ലൈൻ, തിരുമല, തിരുവനന്തപുരം | 2,47,494 |
| IV. ടെൻഡർ ഫോർ ഇൻസ്റ്റാളേഷൻ ആൻഡ് കമ്മീഷണിംഗ് ഓഫ് ട്രാൻസ്ലേറ്റ് ഓഫ് സിക്സ് സയന്റിസ്റ്റ് ഇൻ ദ പ്രപ്പോസ്ഡ് അസ്ട്രോണമി ഗാലറി | തുക |
| ശ്രീ. സജൻ. ആർ<br>ഗോപാല, നെട്ടമം, കോവളം.പി.ഒ.<br>തിരുവനന്തപുരം | 1,74,000 |
| ശ്രീ. സുനിൽകുമാർ കെ.<br>ടി.സി.4-667,സുലറ എ-6<br>കവടിയാർ പി.ഒ. | 1,86,000 |

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം

| | |
|---|---|
| ശ്രീ. ഷഫീക്ക് | 1,54,000 |
| റാഫി മൻസിൽ, ഓടാംകുഴി ലൈൻ, തിരുമല | |
| തിരുവനന്തപുരം | |
| V. ടെൻഡർ ഫോർ സപ്ലൈ ഓഫ് ഇൻസ്റ്റാളേഷൻ 60 ട 65 എൽ.ഇ.ടി.ടി.വി. അസ്ട്രോണമി ഗാലറി | തുക |
| വിൽസം ഡിസ്ട്രിബ്യൂട്ടേഴ്സ്, കൈമനം, പാപ്പനംകോട്, തിരുവനന്തപുരം | 1,82,000 |
| കെ.എം. ടെക്നോളജി, കാണ്ണോത്തറ ബിൽഡിംഗ്, ഓപ്പോസിറ്റ് കെ.കെ. അപ്പർട്ട്മെന്റ്, വടവത്തൂർ, കോട്ടയം | സോണി ഡി 65 9004 65 2 ഡി-3 ഡി രൂപ 3,54,900- ഷാർപ്പ് പി.എൻ.ആർ 603-60 കൊമേഴ്സ്യൽ ഡിസ്പ്ലേ പാനൽ രൂപ 1,90,000 |

(ഡി) ഇല്ല. അതിനാൽ ഈ രംഗത്ത് പ്രത്യേകം പ്രാഗത്ഭ്യമുള്ളവരുടെ സേവനം ലഭ്യമാക്കുവാനാണ് Open tender ക്ഷണിച്ചിട്ടുള്ളത്.

**കേരള വിദ്യാഭ്യാസ നിയമ പരിഷ്കരണ കമ്മീഷൻ**

240(2836) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിദ്യാഭ്യാസ നിയമം പരിഷ്കരിക്കുന്നതിനും കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനും വേണ്ടി നിയമിച്ച കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എം. എ. ഖാദറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly